പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1717 14/07/2016 -ൽ മറുപടിയ്ക്ക്

## ഗുരുവായൂർ ദേവസ്വത്തിൽ നടന്ന മുപ്പതാമത് ഭാഗവത സത്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. പി.കെ. ശശി<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) ഗുരുവായൂർ ദേവസ്വത്തിൽ നടന്ന മുപ്പതാമത് ഭാഗവത സത്രത്തിന്റെ പേരിൽ നടത്തിയതായി പറയപ്പെടുന്ന വൻ പണപ്പിരിവിനെയും മറ്റ് ക്രമക്കേടുകളെയും സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | എ) ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത വിഷയത്തിൽ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>സി) ഇത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | ബി) & സി) പരാതി പരിശോധിച്ചപ്പോൾ അനധികൃത പണപിരിവും ക്രമക്കേടുകളും കണ്ടെത്തിയെങ്കിലും ആരോപണ വിധേയർക്കെതിരെ മുൻ സർക്കാർ നടപടിയൊന്നും സ്വീകരിക്കുകയുണ്ടായില്ല. ഗുരുവായൂർ ദേവസ്വത്തിൽ ഭാഗവതസത്രത്തിന്റെ പേരിൽ നടത്തിയ വൻ പണപിരിവിനെ സംബന്ധിച്ചും, ഭാഗവതസത്ര സമിതി, ഗുരുവായൂർ ദേവസ്വമാണ് ഭാഗവതസത്രം നടത്തുന്നത് എന്ന വ്യാജേനെ സംഘടിപ്പിച്ചതിലും ഗുരുവായൂർ ദേവസ്വം സ്ഥലം, കമ്മീഷണറുടെ അനുമതിയില്ലാതെ ഒരു വർഷത്തേയ്ക്ക് സൗജന്യമായി അനുവദിച്ചത് സംബന്ധിച്ചുള്ള ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഇപ്പോൾ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ